പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6081 | | 02.04.2018 ൽ മറുപടി പറയേണ്ടിയിരുന്നത് |
|---|---|---|

## സിക്ക് - യൂണിറ്റുകളായി കണക്കാക്കിയിട്ടുള്ള പൊതുമേഖലാസ്ഥാപനങ്ങൾ

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ മഞ്ഞളാംകുഴി അലി | | | പി. രാജീവ് (നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി ) |
| (എ) | സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ സിക്ക് യൂണിറ്റുകളായി കണക്കാക്കി-യിട്ടുള്ളവ ഏതൊക്കെയാണ്; സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ സിക്ക് യൂണിറ്റുകളായി കണക്കാക്കി-യിട്ടുള്ളത് ആട്ടോകാസ്റ്റ് ലിമിറ്റഡ്, ആലപ്പുഴ, കെൽട്രോൺ, തിരുവനന്തപുരം, കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ്, എറണാകുളം, സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള |

| | | | |
|---|---|---|---|
| | | | ലിമിറ്റഡ്, തൃശ്ശൂർ എന്നിവയാണ്. |
| (ബി) | ഈ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും തൊഴിലാളി-കൾക്കും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും യഥാസമയം ലഭിക്കാത്ത സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; | (ബി) | ഈ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഇതിൽ ആട്ടോകാസ്റ്റ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും തൊഴിലാളി-കൾക്കും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും യഥാസമയം ലഭ്യമാകാത്ത സ്ഥിതിവിശേഷം ഉണ്ടാകുന്നതായി ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ട്. കമ്പനിയുടെ നവീകരണവിപുലീകരണ പ്രവർ-ത്തനങ്ങൾ നടത്തി ഉൽപ്പാദനവും വിറ്റുവരവും വർദ്ധിപ്പിച്ച് പ്രവർത്തനം മെച്ചപ്പെടുത്തി ജീവനക്കാർക്കും തൊഴിലാളികൾക്കും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും യഥാസമയം ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ |

| | | | |
|---|---|---|---|
| | | | നടത്തിവരുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിക്ക് യൂണിറ്റുകളായി മാറിയ ഏതെങ്കിലും സ്ഥാപനങ്ങളുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ